(സി) തിരുവനന്തപുരം ഉൾപ്പെടെ മറ്റു റേഞ്ചുകളിൽ നിന്നും എറണാകുളം റേഞ്ചിലെ ഒഴിവുകളിലേക്ക് പ്രമോഷൻ നൽകി അലോട്ടു ചെയ്യുന്നതിനാൽ അവിടെ പ്രമോഷൻ ഒഴിവുകൾ കുറയുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എറണാകുളം റേഞ്ചിലെ എസ്. ഐ. മാരുടെ പ്രമോഷൻ ഒഴിവുകളിലേക്ക് അതേ റേഞ്ചിലെ അർഹരായവർക്ക് ലഭ്യമാക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) എറണാകുളം റേഞ്ചിൽ എസ്. ഐ. മാരുടെ 66 ഒഴിവുകൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എസ്. ഐ. മാരുടെ സീനിയോറിറ്റി സംസ്ഥാന തലത്തിലായതിനാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ റെയ്ഞ്ച് വിട്ട് സ്ഥലംമാറ്റം നടത്താറുണ്ടെങ്കിലും സാധാരണ ഗതിയിൽ അതാത് റെയ്ഞ്ചിലെ ഒഴിവുകൾ അവിടെ നിന്നു തന്നെയുള്ള എ. എസ്. ഐ. മാരെ പ്രമോട്ട് ചെയ്താണ് നികത്താറുള്ളത്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

മലയാലപ്പുഴയിൽ പോലീസ് സ്റ്റേഷൻ

79 (3269) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മലയാലപ്പുഴയിൽ എപ്പോൾ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പുതിതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന 79 സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ മലയാലപ്പുഴ എന്ന സ്ഥലം 6-ാമതായി ചേർത്തിട്ടുണ്ട്. ഡി.ജി.പി. യിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly